വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

വെള്ളാങ്ങല്ലൂർ, തൃശ്ശൂർ. പിൻ.680662

ബജറ്റ്
2023-24

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ്

2023-2024

ആമുഖം

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് സജീവമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയാണ്...

വലിയ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്താണ് നാം ജീവിക്കുന്നത്. സംസ്ഥാന ഭരണകൂടങ്ങളുടെ സാമ്പത്തിക ഭദ്രതയുടെ അടിത്തറയാണ് അക്ഷരാർത്ഥത്തിൽ അടിച്ച് തകർത്തുകൊണ്ടിരിക്കുന്നത്. ഫെഡറൽ സംവിധാനത്തിൽ വരുമാനം ഉണ്ടാക്കുന്നതിന് ആവശ്യമായ സ്വതന്ത്ര സമീപനങ്ങൾ എടുക്കുന്നതിന് സംസ്ഥാന ഭരണകൂടങ്ങളെ വിലക്കുന്ന അമിതാധികാര കടന്നു കയറ്റങ്ങളുടെ നാടായി നമ്മുടെ നാട് മാറിയിരിക്കുന്നു. കൃത്യമായി രേഖപ്പെടുത്താവുന്ന മേഖലകളിൽ നിന്ന് ലഭിക്കുന്ന മനുഷ്യാധ്വാനത്തിന്റെ ഭാഗമായ വരുമാന വിഹിതമാണ് ഇപ്പോൾ നമ്മുടെ ബജനാവിന്റെ വലിപ്പം നിർണയിക്കുന്നത്. അതിൽനിന്ന് നമുക്ക് ന്യായമായി ലഭിക്കുന്ന ഒരു പങ്കാണ് നമ്മുടെ പദ്ധതി വിഹിതം. നമുക്ക് പദ്ധതി പണമായി ലഭിക്കുന്ന ഓരോ രൂപക്കും അതിന്റേതായ മുല്യമുണ്ട്. സമാനമായ മൂല്യം ചെലവാക്കപ്പെടുന്നതുകക്കുമുണ്ട്. നമ്മുടെ ആസൂത്രണത്തിലും പദ്ധതി നിർവഹണത്തിലും അതിനനുസരിച്ച് ജാഗ്രതയും മുൻകരുതലും ഉണ്ടാകണം. ദുരിത ജീവിതത്തിന്റെ സങ്കടങ്ങളിൽ ജീവിക്കുന്ന മനുഷ്യരുടെ പ്രശ്നങ്ങളെ പരിഗണിക്കുന്ന, അവരുടെ നീറുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന പദ്ധതികൾ നമുക്ക് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. അതീവ ശ്രദ്ധയോടെ, അതിലേറെ കണിശതയോടെ അതിന്റെ നിർവ്വഹണം നടത്തുകയും കൃത്യമായി ഓരോ പദ്ധതി ഗുണഭോക്താക്കളുടെ അടുത്ത് എത്തിയെന്നും ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

ജനപക്ഷം ചേർന്ന് നിൽക്കുന്ന ഒരു ജനകീയ ഭരണഘടനാ സ്ഥാപനം എന്ന നിലയിൽ പോയ കാലത്ത് നാം നടത്തിയ ഓരോ പ്രവർത്തനത്തിലും പ്രത്യേകിച്ച് ആരോഗ്യ, വിദ്യാഭ്യാസ കലാസാംസ്കാരിക രംഗങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ പ്രത്യക്ഷമായി തന്നെ സാക്ഷ്യപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പുതിയ അന്വേഷണങ്ങളിലൂടെ അതിന്റെ തുടർച്ചകളാണ് നാം ഇത്തവണയും ആഗ്രഹിക്കുന്നത്. അതിനനുസരിച്ചുള്ള പ്രവർത്തന പദ്ധതികളാണ് ഇപ്പോൾ നാം ആസൂത്രണം ചെയ്യുന്നത്. അതിനാവശ്യമായിട്ടുള്ള വിഹിതം ഓരോ പദ്ധതികളിലും രേഖപ്പെടുത്തി മാറ്റിവെച്ചിട്ടുണ്ട്.

നീതിബോധവും ജനപക്ഷ നിലപാടും ആർജ്ജിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതിനനുസരിച്ചുള്ള ജനകീയമായ ജനപക്ഷ പദ്ധതികളും പ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ടു പോകാം.

നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചിട്ട് 75 വർഷം പിന്നിട്ടതേയുള്ളൂ.... ആയിരക്കണക്കായ മനുഷ്യരുടെ ധീരരക്തസാക്ഷിത്വത്താൽ, വ്യത്യസ്തമായ വഴിത്താര യിലൂടെയുള്ള ചെറുതും വലുതുമായ ഒട്ടനവധി സമരങ്ങളിലൂടെയാണ് നമ്മുടെ നാട് സ്വാതന്ത്ര്യം എന്ന സ്വപ്നം പൂർത്തീകരിച്ചത്... ഭരണഘടന മുന്നോട്ടുവച്ച ഈ മൂല്യങ്ങൾ എല്ലാം തകർക്കപ്പെടുന്നു എന്നതാണ് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം പിന്നിട്ട നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും സുപ്രധാനമായ പ്രശ്നം. നമ്മുടെ ഭരണഘടനയെക്കുറിച്ചുള്ള ഏതൊരു പഠനവും ഏറെ ഗൗരവമായി നടക്കേണ്ട ഒന്നാണെന്ന് നാം കരുതുന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനം മുന്നോട്ടുവെച്ച ജനാധിപത്യം, മതനിരപേക്ഷത, അവസര സമത്വം, സ്ത്രീ-പുരുഷ തുല്യത, അഭിപ്രായ സ്വാതന്ത്ര്യം തുടങ്ങിയ മഹത്തായ മൂല്യങ്ങളും ലോകത്ത് വളർന്നുവന്ന മനുഷ്യാവകാശങ്ങളും പാരമ്പര്യവും സ്വാംശീകരിച്ച് രൂപപ്പെടുത്തിയതാണ് ഇന്ത്യൻ ഭരണഘടന. നമ്മുടെ നിയമവാഴ്ചയുടെ അടിത്തറയായി നിലകൊള്ളുന്ന ഭരണഘടനയാണ് ജനതയുടെ അവകാശങ്ങളെല്ലാം സംരക്ഷിക്കുന്നത്. രാജ്യത്തെയും ജനതയെയും മുന്നോട്ടു നയിക്കാനുള്ള സചേതനമായ ഉപകരണമാണ് ഭരണഘടന. അതൊരിക്കലും പഴഞ്ചനാവുകയോ കാലഹരണപ്പെടുകയോ ചെയ്യുന്നില്ല. സമൂഹം വളരുന്നതിനനുസരിച്ച് ഭരണഘടനയിലും മാറ്റങ്ങൾ വരുന്നു. ഈ മാറ്റത്തിനുള്ള അടിത്തറ കൂടി ക്രാന്തദർശികളായ ഭരണഘടനാ ശിൽപ്പികൾ ഒരുക്കിവെച്ചിട്ടുണ്ട്. അതുകൊണ്ടാണ് പുതിയ കാലത്തിന്റെ മൂല്യസംഹിതയാണ് ഭരണഘടനയെന്ന് പറയുന്നത്.

നാനാജാതി മതങ്ങളും വിവിധ ഭാഷകളും വിഭിന്ന സംസ്കാരവും ഉള്ള രാഷ്ട്രമാണ് ഇന്ത്യ. നാനാത്വത്തിൽ ഏകത്വമെന്ന മഹത്തായ ആശയമാണ് ഇന്ത്യയെന്ന രാഷ്ട്രത്തെ ഒന്നിച്ചു നിർത്തുന്നത്. ജാതിക്കും മതത്തിനും ഭാഷയ്ക്കും അതീതമായ ജനങ്ങളുടെ ഐക്യമാണ് നമ്മുടെ ശക്തി. ഈ കരുത്ത് നമുക്ക് പ്രദാനം ചെയ്യുന്നതും രാജ്യത്തെ ഐക്യത്തോടെ മുന്നോട്ടു നയിക്കുന്നതും നമ്മുടെ ഭരണഘടനയാണ്.

മതത്തിന്റെയോ ജാതിയുടെയോ ഭാഷയുടെയോ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നത് ഭരണ ഘടനയ്ക്ക് എതിരായ ആക്രമണം തന്നെയാണ്. ഇത്തരം പ്രവണതകൾ വർധിച്ചു വരുന്ന കാലത്ത് ഭരണഘടനാ മൂല്യങ്ങൾ ജനങ്ങളെ, പ്രത്യേകിച്ച് യുവതലമുറയെയും വിദ്യാർത്ഥികളെയും പഠിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഭരണഘടനാ മൂല്യങ്ങളെക്കുറിച്ച് സമൂഹത്തിന് പ്രാഥമികമായ അറിവ് പകരുന്നതിന് പ്രയോജനപ്പെടും. വരുംതലമുറയെ ഭരണഘടനാ ബോധമുള്ള ഉത്തമപൗരന്മാരായി വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾക്ക് കരുത്ത് പകരേണ്ടത് ഏവരുടേയും കടമയാണ്.

ഒരു പ്രാദേശിക ഭരണകൂടം എന്ന നിലയിൽ അതിന്റെ പരിമിതികൾക്കപ്പുറത്തുനിന്ന് വെള്ളാകല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണഘടനാ വിജ്ഞാനോത്സവം എന്ന പദ്ധതിയിലൂടെ എല്ലാവർക്കും ഭരണഘടന സാക്ഷരതയെന്ന ലക്ഷ്യത്തിലേക്ക് മുന്നേറാനുള്ള ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങൾക്ക് ഈ വർഷം തുടക്കം കുറിച്ചത് അതുകൊണ്ടുതന്നെയാണ് സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതയുള്ള ആദ്യത്തെ ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനായി അടുത്ത സാമ്പത്തിക വർഷവും പദ്ധതികൾ ആവിഷ്കരിച്ച് വൈവിധ്യമാർന്ന പരിപാടികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്....

VIBES
Vellangallur
Infrastructure Backbone
for
Entrepreneurs & Startup

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ നാം ബഹുവർഷ പദ്ധതിയായി ആസൂത്രണം ചെയ്ത വൈബ്സ് എന്ന നാമകരണത്തിൽ വിഭാവനം ചെയ്ത ഐ.ടി. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അഭിമാനകരമായ ഒരു ഘട്ടം പിന്നിടുകയാണ്. 2023-24 സാമ്പത്തിക വർഷത്തിന്റെ ആഗസ്റ്റ് മാസത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയും എന്ന് തന്നെയാണ് നമ്മുടെ വിശ്വാസം. 2022 - 23 വർഷത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ജനറൽ വിഭാഗത്തിൽ 32 ലക്ഷം രൂപയും വനിതാ ഘടക പദ്ധതിയായി 25 ലക്ഷം രൂപയും അനുവദിച്ചു. നാം പ്രതീക്ഷിച്ചതിലേക്കാളുമേറെ തുകയാണ് ജില്ലാ പഞ്ചായത്ത് വകയിരുത്തി ഈ പദ്ധതിയെ സഹായിച്ചത്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയോട് പ്രത്യേകിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.കെ. ഡേവിസ് മാസ്റ്റർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും, മറ്റ് ധന സ്രോതസ്സുകളിൽ നിന്നും സമാഹരിച്ചുകൊണ്ട് ഐ.ടി. പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ആവശ്യമായ തുക ഈ ബഡ്ജറ്റിൽ വിലയിരുത്തുന്നുവെന്ന് അഭിമാനപൂർവ്വം അറിയിക്കുകയാണ്. ഇതിലേക്കായി 2023-24 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

കൃഷിയും വായനയും സംയോജിപ്പിച്ച് കഴിഞ്ഞ രണ്ട് പദ്ധതി വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്തു ആവിഷ്കരിച്ച് നടപ്പിലാക്കിയ എന്റെ പാഠം എന്റെ പുസ്തകം എന്ന പദ്ധതി സംസ്ഥാനത്ത് ആകെ തന്നെ ശ്രദ്ധിക്കപ്പെട്ടു എന്നുള്ളത് വളരെ അഭിമാനകരമായ ഒരു കാര്യമാണ്.

22 വായനശാലകൾ കേന്ദ്രീകരിച്ച് സ്ത്രീകളുടെ കൂട്ടായ്മയിലൂടെ രൂപപ്പെടുത്തിയ കാർഷിക ക്ലബ്ബുകൾ മുഖേന കാർഷിക മേഖലയിൽ പുതിയ ഇടപെടലിനും വായനശാലകളിൽ സാഹിത്യപരമായ ചർച്ചകളും സംവാദങ്ങളും കഥാ വായനയുമായി സാംസ്കാരിക മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുവാൻ എന്റെ പാഠം എന്റെ പുസ്തകം എന്ന പദ്ധതിക്ക് കഴിയുകയുണ്ടായി. നിർജീവമായിരുന്ന പല വായനശാലകളെയും പുതിയ കാലത്തിന്റെ സവിശേഷതകൾ അറിഞ്ഞ് പുത്തൻ ഊർജത്തോടെ പ്രവർത്തിക്കാൻ കഴിയാവുന്ന രീതിയിൽ ഇടപെടലുകൾ നടത്താനായി എന്നത് ബ്ലോക്ക് പഞ്ചായത്തിനും സാംസ്കാരിക പ്രവർത്തകർക്കും അഭിമാനകരവും ആഹ്ലാദകരവും ആയിട്ടുള്ള കാര്യമാണ്. എന്നുള്ളതിൽ തർക്കമില്ല മൂന്നാം ഘട്ടത്തിലേക്ക് നടക്കുന്ന എന്റെ പാഠം എന്റെ പുസ്തകം എന്ന പദ്ധതി ഒരു സമഗ്ര കാർഷിക വികസന വിപണന രൂപഭാവങ്ങളോടു കൂടി മാറ്റി തീർക്കാനാണ് ഈ വർഷം നമ്മൾ ഉദ്ദേശിക്കുന്നത്.

ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി കൃഷി,ക്ഷീരവികസനം ചെറുകിട വ്യവസായ മേഖലകളിൽ ഏറ്റവും ചുരുങ്ങിയത് 15 സ്ത്രീകൾക്ക് നേരിട്ടും 500 പേർക്ക് പരോക്ഷമായും തൊഴിലും വരുമാനവും ഉറപ്പാക്കുന്ന ഒരു പദ്ധതി വിഭാവനം ചെയ്യുകയാണ്.

ബ്ലോക്ക് ജില്ലാ ഗ്രാമപഞ്ചായത്ത് സംയുക്ത പദ്ധതിയായി ഈ സമഗ്ര കാർഷിക വികസന പരിപാടിക്ക് 40 ലക്ഷം രൂപ ഈ വർഷം വരികയിരുത്തുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് നടത്തിയ ശിൽപശാലയിൽ ഉയർന്നുവന്ന ഏറ്റവും മികച്ച ആശയമായിരുന്നു ഓരോ പഞ്ചായത്തിനും ഒരു പാലിയേറ്റീവ് കേന്ദ്രം എന്നുള്ള പദ്ധതി. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനം എന്ന രീതിയിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിൽ ഏകദേശം 70 ശതമാനത്തോളം അതിന്റെ നിർമ്മാണ അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ജനകീയ പങ്കാളിത്തത്തോടുകൂടി കേന്ദ്രത്തിലേക്കാവശ്യമായ ഉപകരണങ്ങളും മരുന്നുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ശേഖരിച്ചുകൊണ്ട് മാതൃകാപരമായ പാലിയേറ്റീവ് കേന്ദ്രത്തിന്റെ ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

മറ്റു പഞ്ചായത്തുകളിലും പാലിയേറ്റീവ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ഈ വർഷവും സംയുക്ത പദ്ധതിക്കായി ബജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നുണ്ട്. മത്സര സ്വഭാവത്തോടുകൂടി ഈ പ്രവർത്തനം ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾ സന്നദ്ധമാകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ബജറ്റിലൂടെ ആവശ്യപ്പെടുന്നു.

ടൂറിസം മേഖലയ്ക്ക് വിപുലമായ സാധ്യതകൾ ഉള്ള ഒരു ബ്ലോക്ക് പഞ്ചായത്ത് ആണ് നമ്മുടേത്. ബ്ലോക്ക് പരിധിയിൽ വരുന്ന 5 പഞ്ചായത്തുകളും വ്യത്യസ്തങ്ങളായ ഭൂപ്രദേശങ്ങളുടെയും ഭാഷാ ഭംഗിയുടെയും വൈവിധ്യമാർന്ന ചരിത്ര സാംസ്കാരിക സവിശേഷതകളുടെയും ആവാസ ഭൂമികയാണ് എന്നതിൽ തർക്കമില്ല. പുതിയ കാലത്തിന്റെ ടൂറിസം സാധ്യതകൾ മനസ്സിലാക്കി ഓരോ പഞ്ചായത്തിന്റെയും സാധ്യതകളെ ഉപയോഗപ്പെടുത്തി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെയും സംസ്ഥാന ഗവൺമെന്റിന്റെയും ടൂറിസം വകുപ്പിന്റെയും സംയുക്തമായി ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് നമ്മുടെ ബ്ലോക്ക് പഞ്ചായത്തും മുഖ്യ പരിഗണന നൽകുന്നുണ്ട്.

ടൂറിസം മേഖലയിൽ ശുചിത്വം, കുടിവെള്ളം തുടങ്ങിയവക്കാവശ്യമായ പണം വകയിരുത്തുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ സാധ്യത കൂടി കൂട്ടിച്ചേർത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഗ്രാമ പഞ്ചായത്തുകൾ മുന്നോട്ട് വരണമെന്ന് ആവശ്യപ്പെടുന്നു. കേന്ദ്ര ധന കാര്യ കമ്മീഷൻ അവാർഡ് തുകയിൽ 20 ശതമാനം അധിക തുകക്ക് പദ്ധതി തയ്യാറാക്കാമെന്ന സാധ്യത ഉപയോഗിച്ച് സാമ്പത്തിക വർഷത്തിൽ എപ്പോൾ വേണമെങ്കിലും പദ്ധതി തയ്യാറാക്കാവുന്നതാണ്.
ശുദ്ധമായ കുടിവെള്ളവും ശുചിത്വമാർന്ന ജീവിത പരിസരവും അതുവഴി ആരോഗ്യകരവുമായ ഒരു സമൂഹം സൃഷ്ടിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. കുടിവെള്ളത്തിന്റെ ദൗർലഭ്യത അടിക്കടി ഏറിവരുന്ന ഒരു ഘട്ടത്തിൽ കുടിവെള്ള സംരക്ഷണ പ്രവർത്തന പദ്ധതികൾ കാര്യമായി നടപ്പിലാക്കുന്നതിനും മാലിന്യ സംസ്കരണം മുഖ്യ അജണ്ടയായി കണ്ട് ബ്ലോക്ക് പരിധിയിലെ അഞ്ചു പഞ്ചായത്തുകളിലും നടപ്പാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സഹായം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഈ ബജറ്റിലൂടെ ആവശ്യമായ തുക മാറ്റിവയ്ക്കുന്നുണ്ട്.

എല്ലാവർക്കും വീട് എന്ന സ്വപ്നം
യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി സർക്കാർ
പദ്ധതികൾ ഏകോപിച്ചുകൊണ്ട് ലൈഫ് എന്ന
പാർപ്പിട പദ്ധതി രൂപീകരിക്കുകയും അതനുസരിച്ച്
കേരളത്തിലെ വീടില്ലാത്തവർക്ക് വീട് നൽകുന്ന
പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും
ചെയ്യുന്ന ഈ ഘട്ടത്തിൽ കേരളത്തിലെ
മറ്റെല്ലാ പഞ്ചായത്തുകളും പോലെ തന്നെ
വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തും
ആവശ്യമായ തുക വകയിരുത്തുന്നു.
ലൈഫ് പാർപ്പിട പദ്ധതിയുമായി
ബന്ധപ്പെട്ടുകൊണ്ട് ബ്ലോക്കിന് കീഴിൽ വരുന്ന
അഞ്ച് പഞ്ചായത്തുകളിലും വിവിധ പദ്ധതികളെ
ഏകോപിച്ചുകൊണ്ടുള്ള പാർപ്പിട പദ്ധതി
കൾക്കുമായി ഈ വർഷത്തെ നമ്മുടെ ബജറ്റിൽ
80 ലക്ഷം രൂപ വകയിരുത്തുന്നു.

ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ

ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫറൻസ് ഹാളിനോട് ചേർന്ന് പൊതു സമൂഹത്തിനാവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ നമ്മൾ ആരംഭിക്കുകയാണ്. ആർ.ജി.എസ്.എ. പദ്ധതി പ്രകാരം ഇത്തരത്തിലുള്ള ഇൻഫർമേഷൻ സെന്ററുകൾക്ക് സഹായം ലഭ്യമാകും. അതിനായി ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

ഓപ്പൺ ജിം, മിനി പാർക്ക്

അതോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഓപ്പൺ ജിം, കുട്ടികൾക്കും വയോജനങ്ങൾക്കും ഉപകാരമാകുന്ന മിനി പാർക്ക് എന്നിവ നിർമ്മിക്കുന്നതിനായി ഈ ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.

പുത്തൻചിറ സി എച്ച് സി-വെള്ളാങ്ങല്ലൂർ കുടുംബാരോഗ്യകേന്ദ്രം

ആരോഗ്യ മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുന്ന പുത്തൻചിറ സി.എച്ച്.സി.യുടെയും വെള്ളാങ്കല്ലൂർ പി.എച്ച്.സി.യുടെയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ആവിഷ്കരിച്ച് വരികയാണ്. വെള്ളാങ്ങല്ലൂർ കുടുംബാരോഗ്യകേന്ദ്രം പൂർണ്ണ പ്രവർത്തന സജ്ജമാവുകയാണ്...
ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള ബ്ലോക്ക് പബ്ലിക് ഹെൽത്ത് സെന്ററും എൻ.എച്ച്.എം. പദ്ധതിയിൽ ലഭിച്ച വിപുലീകരണ പ്രവർത്തനങ്ങളും പൂർത്തിയായികൊണ്ടിരിക്കുന്നു. കിടത്തിചികിത്സ ഉറപ്പാക്കി പുത്തൻചിറ സി.എച്ച്.സി.യും കൂടുതൽ സൗകര്യങ്ങളോടെ വെള്ളാങ്കല്ലൂർ കുടുംബാരോഗ്യകേന്ദ്രവും 2023 ഏപ്രിൽ മാസത്തിൽ തന്നെ പ്രവർത്തന നിരതമാവും. ബ്ലോക്ക് തലത്തിൽ ഒരു ഡയാലിസിസ് സെന്റർ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. പ്ലാൻ, എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ ഈ വർഷം തയ്യാറാക്കും. കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ, എം.പി. എന്നിവർക്ക് അപേക്ഷ നൽകും. മെഷിനറികൾക്കായി സി.എസ്.ആർ. ഫണ്ടിന്റെ സമാഹരണം ലക്ഷ്യം വെക്കുന്നു.... ജനകീയ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്റർ യാഥാർത്ഥ്യമാക്കാൻ നമുക്കൊരുമിച്ച് കൈകോർക്കാം...

ശിശു വികസന മേഖലയിൽ നാം ആവിഷ്കരിച്ച സസ്നേഹം പദ്ധതിയുടെ തുടർച്ചയിൽ ഒരു ശിശു സൗഹൃദ ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം നിറവേറ്റുന്ന ആവശ്യമായ പ്രാഥമിക പ്രവർത്തനങ്ങൾ ക്കായി ഈ വർഷം മൂന്ന് ലക്ഷം രൂപ വകയിരുത്തുന്നു.

ബജറ്റ് 2023-2024

വരവ് 2023-24	തുക രൂപയിൽ
പ്രാരംഭ ബാക്കി	
ജനറൽ പർപ്പസ് ഗ്രാന്റ്	11869651
തനത് ഫണ്ട്	628043
ആകെ	**12497694**
റവന്യൂ വരുമാനം	
വികസന ഫണ്ട്	
പൊതുവിഭാഗം	18128000
പട്ടികജാതി വിഭാഗം	14059000
പട്ടികവർഗ്ഗ വിഭാഗം	56000
വികസന ഫണ്ട് ആകെ	**32243000**
ജനറൽ പർപ്പസ് ഗ്രാന്റ്	7069000
ആസ്തി സംരക്ഷണ ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്	10210000
തൊഴിലുറപ്പ് പദ്ധതി	120000000
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	7505000
തനത് ഫണ്ട്	500000
പി.എം.എ.വൈ കേന്ദ്ര വിഹിതം	4000000

ചെലവ് 2023-24	തുക രൂപയിൽ
വികസന ഫണ്ട്	
ജനറൽ - ഉൽപ്പാദന മേഖല	4350720
ജനറൽ - സേവന മേഖല	6526080
ജനറൽ - സേവന മേഖല (ലൈഫ്)	3625600
ജനറൽ - വികസന പശ്ചാത്തല മേഖല	3625600
ആകെ	**18128000**
പട്ടികജാതി വികസനം - ഉൽപ്പാദന മേഖല	3374160
പട്ടികജാതി വികസനം - സേവന മേഖല	5061240
പട്ടികജാതി വികസനം - സേവന മേഖല (ലൈഫ്)	2811800
പട്ടികജാതി വികസനം - വികസന പശ്ചാത്തല മേഖല	2811800
ആകെ	**14059000**
പട്ടിക വർഗ്ഗ വികസനം - സേവന മേഖല	44800
പട്ടിക വർഗ്ഗ വികസനം - സേവന മേഖല (ലൈഫ്)	11200
ആകെ	**56000**
വികസന ഫണ്ട് ആകെ ചെലവ്	**32243000**

ബജറ്റ് 2023-2024

വരവ് 2023-24	തുക രൂപയിൽ
പ്രാരംഭ ബാക്കി	
ജനറൽ പർപ്പസ് ഗ്രാന്റ്	11869651
തനത് ഫണ്ട്	628043
ആകെ	**12497694**
റവന്യൂ വരുമാനം	
വികസന ഫണ്ട്	
പൊതുവിഭാഗം	18128000
പട്ടികജാതി വിഭാഗം	14059000
പട്ടികവർഗ്ഗ വിഭാഗം	56000
വികസന ഫണ്ട് ആകെ	**32243000**
ജനറൽ പർപ്പസ് ഗ്രാന്റ്	7069000
ആസ്തി സംരക്ഷണ ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ്	10210000
തൊഴിലുറപ്പ് പദ്ധതി	120000000
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	7505000
തനത് ഫണ്ട്	500000
പി.എം.എ.വൈ കേന്ദ്ര വിഹിതം	4000000

ചെലവ് 2023-24	തുക രൂപയിൽ
വികസന ഫണ്ട്	
ജനറൽ - ഉൽപ്പാദന മേഖല	4350720
ജനറൽ - സേവന മേഖല	6526080
ജനറൽ - സേവന മേഖല (ലൈഫ്)	3625600
ജനറൽ - വികസന പശ്ചാത്തല മേഖല	3625600
ആകെ	**18128000**
പട്ടികജാതി വികസനം - ഉൽപ്പാദന മേഖല	3374160
പട്ടികജാതി വികസനം - സേവന മേഖല	5061240
പട്ടികജാതി വികസനം - സേവന മേഖല (ലൈഫ്)	2811800
പട്ടികജാതി വികസനം - വികസന പശ്ചാത്തല മേഖല	2811800
ആകെ	**14059000**
പട്ടിക വർഗ്ഗ വികസനം - സേവന മേഖല	44800
പട്ടിക വർഗ്ഗ വികസനം - സേവന മേഖല (ലൈഫ്)	11200
ആകെ	**56000**
വികസന ഫണ്ട് ആകെ ചെലവ്	**32243000**

ബജറ്റ് 2023-2024

വരവ് 2023-24	തുക രൂപയിൽ
പി.എം.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം	2100000
പി.എം.എ.വൈ. ജില്ലാപഞ്ചായത്ത് വിഹിതം	3360000
മാലിന്യ നിർമാർജ്ജനം	500000
ആകെ	**155244000**

ചെലവ് 2023-24	തുക രൂപയിൽ
മെയിന്റനൻസ് ചെലവ്	
വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ്	10210000
ആകെ	**10210000**
ജനറൽ പർപ്പസ് ഫണ്ട് ചെലവ്	
വേതനം, കൂലി, യാത്രാബത്ത	810000
അംഗങ്ങളുടെ ഹോണറേറിയം & സിറ്റിംഗ് ഫീസ്	2210000
ഓഫീസ് ചെലവുകൾ	1376000
മറ്റ് ഭരണചെലവുകൾ	2000000
ബ്ലോക്ക് ഓഫീസ് പശ്ചാത്തല വർക്കുകൾ	1400000
ആകെ	**7796000**
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	
ധനകാര്യ കമ്മീഷൻ വിവിധ പ്രവൃത്തികൾ- ചെലവ്	7505000
ആകെ	**7505000**

ബജറ്റ് 2023-2024

വരവ് 2023-24	തുക രൂപയിൽ
മറ്റു ഫണ്ടുകൾ	
ഹെൽത്ത് ഗ്രാന്റ്	3000000
നാഷണൽ സേവിംഗ്സ്-പോസ്റ്റ് ഓഫീസ് സേവിംഗ്സ്	129373200
സംരംഭകത്വ സഹായ പദ്ധതി	1300000
പ്രകൃതിക്ഷോഭ ഫണ്ട്	2500000
എം.എൽ.എ. ഫണ്ട്	6000000
എം.പി. ഫണ്ട്	2000000
ആകെ	144173200
മൊത്തം വരവ്	344157894

ചെലവ് 2023-24	തുക രൂപയിൽ
ശുചിത്വം	
മാലിന്യ നിർമ്മാർജ്ജനം	500000
ആകെ	500000
മറ്റു ഫണ്ടുകൾ	
ഹെൽത്ത് ഗ്രാന്റ്	3000000
എം.എൽ.എ. ഫണ്ട്	6000000
തൊഴിലുറപ്പ് പദ്ധതി	120000000
എം.പി. ഫണ്ട്	2000000
പ്രകൃതിക്ഷോഭം പ്രവർത്തികൾ	2500000
നാഷണൽ സേവിംഗ്സ് - പോസ്റ്റ് ഓഫീസ്	129373200
സംരംഭകത്വ സഹായ പദ്ധതി	1300000
ആകെ	264173200
പി.എം.എ.വൈ കേന്ദ്ര വിഹിതം	4000000
പി.എം.എ.വൈ. വീടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം	2100000
പി.എം.എ.വൈ. വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം	2940000
ആകെ	9040000
മൊത്തം ചെലവ്	331467200
മിച്ചം	12690694

വിജയലക്ഷ്മി വിനയചന്ദ്രൻ
പ്രസിഡന്റ്

ഉണ്ണികൃഷ്ണൻ കുറിഞ്ഞേമ്പിള്ള
വൈസ് പ്രസിഡന്റ്

പ്രസന്ന അനിൽകുമാർ
ചെയർപേഴ്സൺ
വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

സുരേഷ് അമ്മനത്ത്
ചെയർമാൻ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

രമ രാഘവൻ
ചെയർപേഴ്സൺ
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

സുധ ദിലീപ്
മെമ്പർ

ബിന സുധാകരൻ
മെമ്പർ

ടെസ്സി ജോയ് കൊടിയൻ
മെമ്പർ

അഡ്വ. ശശികുമാർ ഇടപ്പുഴ
മെമ്പർ

ജെസ്സിനി ടീച്ചർ
മെമ്പർ

ബിനോയ് കെ.ജെ.
മെമ്പർ

അസീമബീവി ലത്തീഫ്
മെമ്പർ

രാജേഷ് അശോകൻ
മെമ്പർ

തമ്പി കെ.എസ്.
പ്രസിഡന്റ്
പുതുക്കാലം ഗ്രാമപഞ്ചായത്ത്

നോബി ബേബി
പ്രസിഡന്റ്
പുത്തൻചിറ ഗ്രാമപഞ്ചായത്ത്

ലത ഗംഗാധരൻ
പ്രസിഡന്റ്
പടിയൂർ ഗ്രാമപഞ്ചായത്ത്

ദിവ്യ കുഞ്ഞുണ്ണി
സെക്രട്ടറി

എം.എം. മുകേഷ്
പ്രസിഡന്റ്
വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

ഗിരീഷ് കെ.എസ്.
പ്രസിഡന്റ്
വേളൂക്കര ഗ്രാമപഞ്ചായത്ത്